**DISTRICT TOURISM PROMOTION COUNCIL (DTPC) - ALAPPUZHA**
**Department of Tourism, Government of Kerala**
Boat Jetty Road, Mullakkal, Alappuzha-688011
Phone: 0477 2251796
Email- info@dtpcalappuzha.com/secretarydtpcalpy@gmail.com
Website: www.dtpcalappuzha.com

kerala
God's Own Country

No : DTPC-A/73/17/2025/05 Date : 22/10/2025

## നോട്ടീസ്
## താത്പര്യപത്രങ്ങൾ ക്ഷണിക്കുന്നു.

ആലപ്പുഴ ബീച്ച് റെയിൽവേ അണ്ടർ പാസേജിന് സമീപമുള്ള DTPC യുടെ **പിക്നിക് സ്പോട്ട്, അന്ധകാരനഴി ബീച്ച് ബിൽഡിംഗ്** മുതലായ കേന്ദ്രങ്ങൾ നിലവിലുള്ള അവസ്ഥയിൽ ഏറ്റെടുത്ത് അഞ്ച് (5) വർഷ കാലയ ളവിലേയ്ക്ക് DBFO വ്യവസ്ഥയിൽ വിനോദ സഞ്ചാര പദ്ധതികൾ നടപ്പാക്കുന്നതിനായി താത്പര്യമുള്ള വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു കൊള്ളുന്നു.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| EOI ഫോറം വാങ്ങാവുന്ന അവസാന തീയതി | EOI സമർപ്പിക്കേണ്ട അവസാന തീയതി | EOI പ്രാഥമിക പരിശോധന തീയതി | സെക്യൂരിറ്റി ഡിപ്പോസിറ്റ് | EMD (നിരതദ്രവ്യം) | കരാർ കാലാവധി |
|---|---|---|---|---|---|
| **03/11/2025 പകൽ 5 മണി വരെ** | **04/11/2025 പകൽ 12 മണി വരെ** | **04/11/2025 പകൽ 3 മണി** | **6 മാസ പ്രതിമാസ ലൈസൻസ് ഫീസിന് തുല്യമായ തുക** | **Rs. 1,00,000 (ഒരു ലക്ഷം രൂപ)** | പ്രാഥമികമായി, കരാർ അഞ്ച് വർഷത്തേക്ക് മാത്രം ഒപ്പുവെക്കുന്നതായിരിക്കും. എന്നിരുന്നാലും, കരാർ കാലയളത്തിൽ വ്യക്തിയുടെ /സ്ഥാപനത്തിന്റെ തൃപ്തികരമായ പ്രവർത്തനം അവലോകനം ചെയ്ത ശേഷം, DTPC എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചാൽ ദർഘാസ് ഫോറത്തിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി കരാർ നീട്ടി നൽകും. |

താത്പര്യപത്ര രേഖകളെ സംബന്ധിച്ച് എന്തെങ്കിലും അവ്യക്തതയോ സംശയമോ ഉണ്ടെങ്കിൽ അല്ലെങ്കിൽ താത്പര്യപത്ര രേഖകളിലെ വ്യവസ്ഥകൾക്കിടയിൽ പൊരുത്തക്കേടോ വൈരുദ്ധ്യമോ ഉണ്ടെങ്കിൽ, ഡി.ടി.പി.സി ചെയർമാനായ ആലപ്പുഴ ജില്ലാ കളക്ടർ നൽകുന്ന വ്യാഖ്യാനം അന്തിമവും താത്പര്യപത്രം സമർപ്പിക്കുന്ന കമ്പനികൾ/ സ്ഥാപനങ്ങൾ എന്നിവർക്ക് ബാധകവുമായിരിക്കും.

ഈ EOI മുഖേനയുള്ള അപേക്ഷകരുടെ (Bidders) ഷോർട്ട്ലിസ്റ്റിംഗ് സംബന്ധിച്ചുള്ള DTPC തീരുമാനം അന്തിമമായിരിക്കും. കൂടാതെ ഒരു കാരണവും നൽകാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ബിഡുകളും നിരസിക്കാനുള്ള അവകാശം DTPC യിൽ നിക്ഷിപ്തമാണ്.

## താത്പര്യപത്രത്തിന്റെ വിവരങ്ങൾ
## (EoI Details)

| | | | |
|---|---|---|---|
| 1 | EOI നമ്പർ | **DTPC/ALP/125/01/TIM/2024/2025** | |
| 2 | പദ്ധതി | ആലപ്പുഴ ജില്ലയിലെ ആലപ്പുഴ ബീച്ച് റെയിൽവേ അണ്ടർ പാസേജിന് സമീപമുള്ള DTPC യുടെ **പിക്നിക് സ്പോട്ട്, അന്ധകാരനഴി ബീച്ച് ബിൽഡിംഗ്** മുതലായ കേന്ദ്രങ്ങൾ ഏറ്റെടുത്ത് DBFO അടിസ്ഥാനത്തിൽ വിവിധതരം വിനോദ സഞ്ചാര പദ്ധതികൾ സ്ഥാപി ക്കലും പ്രവർത്തിപ്പിക്കലും | |
| 3 | ഫോറം വില | Rs. 1180/- (1000+ 18% GST) (വില തിരികെ നൽകുന്നതല്ല) | |
| 4 | താത്പര്യപത്രം സമർപ്പിക്കേണ്ട വിലാസം | സെക്രട്ടറി<br>ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (DTPC)<br>വിനോദ സഞ്ചാര വകുപ്പ്<br>ബോട്ട് ജെട്ടി റോഡ്, ആലപ്പുഴ -688011 | |
| 5 | പദ്ധതി പ്രദേശത്തെ നിലവിലുള്ള ഘടകങ്ങൾ | Picnic Spot | 2 - Building<br>Land 46.76 Cent |
| | | Andhakaranazhy | 1 - Building<br>Land - 46.95 Cent |
| 6 | പദ്ധതിയുടെ നടത്തിപ്പ് | പ്രതിമാസ ലൈസൻസ് തുക അടിസ്ഥാനത്തിൽ നടത്തിപ്പ് | |
| 7 | കാലാവധി | ആദ്യ കാലാവധി അഞ്ച് (5) വർഷം. 5 വർഷത്തിന് ശേഷം EoI ഫോമിൽ പറഞ്ഞിരിക്കുന്ന നിർദ്ദിഷ്ട നിബന്ധനകളും, വ്യവസ്ഥകളും അനുസരിച്ച് കർശനമായി മാത്രം, കാലാവധി നീട്ടുന്നത് സംബന്ധിച്ച് DTPC തീരുമാനം എടുക്കും. | |
| 8 | EMD (നിരതദ്രവ്യം) | Rs. 1,00,000/- (ഒരുലക്ഷം രൂപ) | |
| 9 | സെക്യൂരിറ്റി ഡിപ്പോസിറ്റ് | 6 മാസ പ്രതിമാസ ലൈസൻസ് ഫീസിന് തുല്യമായ തുക | |
| 10 | ഫീസ് വർദ്ധനവ് | ലൈസൻസ് ഫീസ് വർദ്ധനവ് - പ്രതിവർഷം 10% | |

## EOI ൽ പങ്കെടുക്കുന്നതിനുള്ള വ്യക്തിക്ക് /സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ട യോഗ്യ കൾ

പദ്ധതി നടത്തിപ്പിനായി താത്പര്യമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും താത്പര്യപത്രം സമർപ്പിക്കാവുന്നതാണ്. താത്പര്യപത്രത്തിൽ (Expression of Interest) പങ്കെടുക്ക ന്നതിന് താഴെപ്പറയുന്ന പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം.

(1) <u>യോഗ്യതാ മാനദണ്ഡം</u>

a) പ്രദേശത്തിന്റെ വിനോദ സഞ്ചാര സാദ്ധ്യതകൾ പരാമവധി ഉപയോഗപ്പെട്ടു ത്തുന്ന വിധം നടത്താനുദ്ദേശിക്കുന്ന പദ്ധതി സംബന്ധിച്ച് വ്യക്തമായ രൂപ രേഖ (പ്രൊപ്പോസൽ) താത്പര്യപത്രത്തിൽ ഉണ്ടായിരിക്കണം.

b) താത്പര്യപത്ര ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ അനുസ രിച്ച് ഖണ്ഡിക തിരിച്ച് തയ്യാറാക്കിയ വിശദവും, പ്രയോഗികകവും, കൃത്യവും, നിയമാനുസ രണവുമായ പ്രൊപ്പോസൽ ആയിരിക്കണം സമർപ്പിക്കേണ്ടത്.

c) താത്പര്യപത്രത്തിൽ സമർപ്പിക്കുന്ന പ്രൊപ്പോസൽ/പദ്ധതി നടത്തുന്നതിനും വിജ യകരമായി പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നതിനും ഉള്ള സാമ്പത്തിക ശേഷി ഉള്ളയാളാകണം. താത്പര്യപത്രത്തിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി നടപ്പാക്കുന്ന തിനായുള്ള താത്പര്യപത്രം സമർപ്പിക്കുന്ന വ്യക്തിയുടെ /സ്ഥാപനത്തിന്റെ സാമ്പത്തിക ശേഷി തെളിയിക്കുന്ന താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തണം.

(1) താത്പര്യപത്രം സമർപ്പിക്കുന്നത് വ്യക്തിയാണെങ്കിൽ ടിയാളുടെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ ഇൻകം ടാക്സ് റിട്ടേൺസ് ഫയൽ ചെയ്തതിന്റെ സർക്കാർ രേഖകൾ.

(2) താത്പര്യപത്രം സമർപ്പിക്കുന്നത് സ്ഥാപനത്തിന് വേണ്ടിയാണെങ്കിൽ സ്ഥാപനത്തിന്റെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലെ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് ചെയ്ത റിപ്പോർട്ട്

d) EOI സമർപ്പിക്കുന്ന വ്യക്തി/കമ്പനി/ സർക്കാരിന്റേയോ ഏതെങ്കിലും അർദ്ധ സർക്കാർ/പൊതുമേഖല/സർക്കാർ സംഘടനയുടേയോ കരിമ്പട്ടികയിൽ (Black list) ഉൾപ്പെടാൻ പാടില്ല. ഇത് സംബന്ധിച്ച ഒരു സാക്ഷ്യപത്രം (Non-Blacklisting declaration) അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.

e) അപേക്ഷകന്/സ്ഥാപനത്തിന് എതിരായി ക്രിമിനൽ കേസുകൾ ഉണ്ടായിരിക്കുകയോ ചെയ്യരുത്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടില്ലെന്ന സർട്ടിഫിക്കറ്റ് (Certificate of Non-Involvement in Offenses" (NIO Certificate)) ഉണ്ടായിരിക്കണം. സർട്ടിഫിക്കറ്റ് ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

f) EOI സമർപ്പിക്കുന്ന വ്യക്തി /സ്ഥാപനത്തിന്റെ/ഉടമ/പങ്കാളി/ഡയറക്ടർ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥർ, അതുപോലെ അവരുടെ അടുത്ത ബന്ധുക്കളിൽ ആരും DTPCയുടെ ജീവനക്കാരോ, എക്സിക്യൂട്ടീവ് കമ്മിറ്റിയിലോ ജനറൽ ബോഡിയിലോ അംഗങ്ങളായിരിക്കരുത്.

g) താത്പര്യപത്രം സമർപ്പിക്കുന്നത് സ്ഥാപനത്തിന് വേണ്ടിയാണെങ്കിൽ താഴെപ്പറയുന്ന ഏതെങ്കിലും വിഭാഗത്തിൽപ്പെടുന്ന ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത / സംയോജിപ്പിച്ച നിയമാനുസൃതമായ സ്വതന്ത്ര സ്വകാര്യ സ്ഥാപനങ്ങൾ / സർക്കാർ ഉടമസ്ഥ തയിലുള്ള സ്ഥാപനങ്ങൾ ആയിരിക്കണം.

(1) ഒരു പ്രൊപ്രൈറ്റർഷിപ്പ് സ്ഥാപനം (Proprietorship Firm)
(2) പാർട്ണർഷിപ്പ് സ്ഥാപനം (Partnership Firm)
(3) ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് (Limited Liability Partnership (LLP)
(4) സംയുക്ത സംരംഭങ്ങൾ (Joint venture Entities)
(5) 2013 ലെ കമ്പനി ആക്ട് പ്രകാരം (18 of 2013) പ്രകാര മുള്ള വകുപ്പ് 7 (2), വകുപ്പ് 8(1), 2014-ലെ കമ്പനികളുടെ (ഇൻകോർപ്പറേഷൻ) ചട്ടങ്ങൾ, റൂൾ 18 എന്നിവ അനുസരിച്ച് "സർട്ടിഫിക്കറ്റ് ഓഫ് ഇൻകോർപ്പറേഷൻ" സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള

- പബ്ലിക് ലിമിറ്റഡ് കമ്പനി (Public Limited Company )
- പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (Private Limited Company)

(6) ദേശീയ/സംസ്ഥാന തലത്തിൽ ഇന്ത്യൻ പബ്ലിക് ട്രസ്റ്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത ഒരു ട്രസ്റ്റ്.

(7) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ (Government-Owned Entities)

### (2) അധിക യോഗ്യതാ മാനദണ്ഡം

EOI സമർപ്പിക്കുന്ന വ്യക്തി/ സ്ഥാപനത്തിന് താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടെങ്കിൽ ആയത് അധിക യോഗ്യതയായി പരിഗണിക്കുന്നതാണ്.

a) സമാനമായ പദ്ധതി നടപ്പാക്കുന്നതിൽ 1 വർഷത്തിൽ കൂടുതൽ മുൻ പരിചയം.

b) സർക്കാർ/അർദ്ധസർക്കാർ/പൊതു മേഖല സ്ഥാപനങ്ങളുമായി സമാനമായ പദ്ധതികളിൽ ഏർപ്പെടൽ.

NB: മേൽ പറഞ്ഞ യോഗ്യതകൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ താത്പര്യ പത്രത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

### EOI–യിലെ ഭേദഗതികൾ

1. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിക്ക് മുമ്പുള്ള ഏത് സമയത്തും DTPC ക്ക് സ്വന്തം മുൻകൈയിലോ അല്ലെങ്കിൽ അപേക്ഷകൻ അഭ്യർത്ഥിച്ച വിശദീകരണങ്ങൾക്കുള്ള മറുപടിയായോ, അനുബന്ധ വിവരങ്ങൾ/ രേഖകൾ പുറപ്പെടുവിച്ചു കൊണ്ട് താത്പര്യപത്ര രേഖയിൽ ഭേദഗതി വരുത്താവുന്നതാണ്. ഭേദഗതി വരുത്തുന്ന ഏതൊരു അനുബന്ധവും DTPC വെബ്സൈറ്റിലും ഓഫീസിലും മാത്രമേ പ്രസിദ്ധീകരിക്കൂ, അത് അപേക്ഷകർക്ക് ബാധകമായിരിക്കും.

2. താത്പര്യപത്രത്തിൽ അനുബന്ധമായി ചേർക്കേണ്ട വിവരങ്ങൾ/രേഖകൾ നൽകുന്നതിനുള്ള സമയം കണക്കിലെടുക്കുന്നതിന് അപേക്ഷകർക്ക് ന്യായമായ സമയം നൽകുന്നതിന്, അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ, അതോറിറ്റിക്ക് അതിന്റെ വിവേചനാധികാരത്തിൽ, അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നീട്ടാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നീട്ടുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ DTPC ഓഫീസിൽ മാത്രമേ പ്രസിദ്ധീകരിക്കൂ.

### EOI പ്രക്രിയ റദ്ദാക്കാനുള്ള അവകാശം

ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് (DTPC) ഈ EOI പ്രക്രിയ ഏത് ഘട്ടത്തിലും യാതൊരു കാരണവും കാണിക്കാതെ റദ്ദാക്കാവുന്നതാണ്, കൂടാതെ ഒരു കാരണവശാലും ഏതെങ്കിലും അപേക്ഷയ്ക്ക് നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥരല്ല. ഏതെങ്കിലും കാരണത്താൽ അല്ലെങ്കിൽ ഏതെങ്കിലും കാരണം കാണിക്കാതെ EOI റദ്ദാക്കപ്പെട്ടാൽ അപേക്ഷകർക്ക് രേഖകളുടെ യോ മറ്റ് ചെലവുകളുടെയോ റീഫണ്ട് ലഭിക്കാൻ അർഹതയുണ്ടായിരിക്കില്ല.

### പ്രത്യേക അറിയിപ്പുകൾ

(1) EOI ഫോറം സമർപ്പിക്കുന്ന എല്ലാ പേജുകളിലും സമർപ്പിക്കുന്നയാൾ പേര്, മേൽവിലാസം, എന്നിവയെഴുതി ഒപ്പ് വെയ്ക്കേണ്ടതാണ്.

(2) EOI ഫോറത്തിൽ നൽകിയിരിക്കുന്ന മാതൃകയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ടെക്നിക്കൽ ബിഡ് തയ്യാറാക്കി നിർദ്ദിഷ്ട ഫോറത്തിനൊപ്പം പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

(3) ഓരോ അപേക്ഷകനും അവരുടേതായ അന്വേഷണങ്ങളും വിശകലനങ്ങളും നടത്തുകയും ഈ EOI ഡോക്യുമെന്റിൽ അടങ്ങിയിരിക്കുന്ന അനുമാനങ്ങൾ, വിലയിരുത്തലുകൾ, വിവരങ്ങൾ എന്നിവയുടെ കൃത്യത, പര്യാപ്തത, വിശ്വാസ്യത, പൂർണ്ണത എന്നിവ പരിശോധിക്കുകയും ഉചിതമായ ഉറവിടങ്ങളിൽ നിന്ന് സ്വതന്ത്ര ഉപദേശം നേടുകയും വേണം.

(4) ഈ EOI ഡോക്യുമെന്റ്, DTPC, അപേക്ഷകർക്കോ മറ്റേതെങ്കിലും വ്യക്തിക്കോ നൽ കുന്ന ഒരു കരാറോ ഓഫറോ അല്ല.

(5) ഈ EOI ഡോക്യുമെന്റിന് അനുസൃതമായി അവരുടെ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിൽ താൽപ്പര്യമുള്ള കക്ഷികൾക്ക് ഉപയോഗപ്രദമായേക്കാവുന്ന വിവരങ്ങൾ നൽകുക എന്നതാണ് ഈ EOI ഫോറത്തിന്റെ ഉദ്ദേശ്യം.

(6) ബിഡിന്റെ ഭാഗമായി സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കാൻ ദയവായി EOI പരസ്യവും EOI ഫോറവും ശ്രദ്ധാപൂർവ്വം വായിക്കുക. ബിഡ് രേഖകൾ സമർപ്പിക്കേണ്ട കവറുകളുടെ എണ്ണം, സമർപ്പിക്കേണ്ട രേഖകളുടെ എണ്ണം, ഓരോ രേഖയുടെയും പേരും ഉള്ളടക്കവും ഉൾപ്പെടെ ശ്രദ്ധിക്കുക. ഇവയിൽ നിന്നുള്ള ഏതെങ്കിലും വ്യതിയാനങ്ങൾ ബിഡ് നിരസിക്കുന്നതിലേക്ക് നയിച്ചേക്കാം.

ആലപ്പുഴ
22/10/2025

DISTRICT TOURISM PROMOTION COUNCIL
Department of Tourism
Government of Kerala
* ALAPPUZHA *

സെക്രട്ടറി
ഡി.ടി.പി.സി ആലപ്പുഴ